REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 08-12-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **വന്ദേരമാതരത്തിന്റെ 150-ാം വാർഷികത്തിന്റെ ഭാഗമായി ലോക്സഭയിൽ പ്രത്യേക ചർച്ച ഇന്ന്. പ്രധാനമന്ത്രി നരേന്ദ്രമോദി ചർച്ചയ്ക്ക് തുടക്കമിടും.**
- **ഗോവ നിശാ ക്ലബ്ബിലെ തീപിടുത്തത്തിൽ ക്ലബ്ബിന്റെ ജനറൽ മാനേജരടക്കം നാലുപേരെ പൊലീസ് അറസ്റ്റ് ചെയ്തു.**
- **ഇന്നലെ വൈകിട്ട് വരെ രണ്ട് കോടി 70 ലക്ഷത്തിൽ പരം എന്യുമറേഷൻ ഫോമുകൾ ഡിജിറ്റൈസ് ചെയ്തതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ.**
- **സംസ്ഥാനത്ത് തദ്ദേശ തെരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ടത്തിൽ വോട്ടെടുപ്പ് നടത്തുന്ന ഏഴ് ജില്ലകളിൽ ഇന്ന് നിശബ്ദ പ്രചാരണം.**
- **ഇന്ത്യ-ദക്ഷിണാഫ്രിക്ക ട്വന്റി -20 ക്രിക്കറ്റ് പരമ്പര നാളെ തുടങ്ങും.**

## വാർത്തകൾ വിശദമായി

ദേശീയ ഗീതം വന്ദേരമാതരത്തിന്റെ 150-ാം വാർഷികത്തിന്റെ ഭാഗമായ പ്രത്യേക ചർച്ച ഉച്ചയ്ക്ക് ലോക്സഭയിൽ ആരംഭിക്കും. പ്രധാനമന്ത്രി നരേന്ദ്രമോദി ചർച്ചകൾക്ക് തുടക്കമിടുമെന്ന് ഔദ്യോഗിക കേന്ദ്രങ്ങൾ അറിയിച്ചു. പത്തു മണിക്കൂറാണ് വന്ദേമാതര ചർച്ചയ്ക്ക് സമയം നൽകിയിരിക്കുന്നതെന്ന് പാർലമെന്ററി കാര്യമന്ത്രി കിരൺ റിജിജു പറഞ്ഞു. ലോക്സഭാ സ്പീക്കർ ഓം ബിർളയുടെ അധ്യക്ഷതയിൽ കഴിഞ്ഞ ദിവസം ചേർന്ന സർവ കക്ഷി യോഗത്തിലാണ് ഇന്ന് വന്ദേമാതര ചർച്ചയും നാളെ തീവ്ര വോട്ടർപട്ടിക പരിഷ്കരണ ചർച്ചയും നടത്താൻ തീരുമാനമായത്.

✪✪✪

വികസനവും പൈതൃകവും എന്ന ഇന്ത്യയുടെ മുദ്രാവാക്യം, ആധുനികവൽക്കരണവും നഗരവൽക്കരണവും സാംസ്കാരിക വേരുകളെ ഇല്ലാതാക്കുന്നതിന് പകരം അതിനെ ശക്തിപ്പെടുത്തുമെന്ന് ഉറപ്പുവരുത്തുന്നതാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഒരു പാരമ്പര്യമോ  പ്രയോക്താവോ സമൂഹമോ ശ്രദ്ധിക്കപ്പെടാതെ പോകുന്നില്ലെന്ന് രാജ്യം ഉറപ്പാക്കുന്നുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

ന്യൂഡൽഹിയിൽ യുനെസ്കോയുടെ അന്തർ ഗവൺമെന്റ് സമിതി ഇരുപതാം സമ്മേളനത്തിന്റെ ഉദ്ഘാടന ചടങ്ങിന് നൽകിയ സന്ദേശത്തിലാണ് പ്രധാനമന്ത്രി ഇക്കാര്യം അറിയിച്ചത്.

ഇന്ത്യയെ സംബന്ധിച്ച് പൈതൃകം ഗൃഹാതുരത്വമല്ലെന്നും, അറിവിന്റെയും സർഗ്ഗാത്മകതയുടെയും സമൂഹത്തിന്റെയും ഒഴുകുന്ന പുഴയാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

വിമാന സർവീസുകൾ മുടങ്ങാൻ ഇടയാക്കിയ സാഹചര്യങ്ങൾ വിശദീകരിക്കാൻ സിവിൽ വ്യോമയാന ഡയറക്ടറേറ്റ് നൽകിയ നോട്ടീസിൽ മറുപടി നൽകാൻ ഇൻഡിഗോ-യ്ക്ക്  അധിക സമയം നൽകി. ഇന്ന് വൈകിട്ട് ആറിന് മുമ്പ് മറുപടി നൽകാനാണ് പുതിയ നിർദേശം.  നേരത്തെ ഇന്നലെ വൈകിട്ട് ആറ് വരെയായിരുന്നു സമയം നൽകിയിരുന്നത്.

രാജ്യത്തെ തടസ്സപ്പെട്ട വിമാന സർവീസുകൾ അതിവേഗം സാധാരണ നിലയിലേക്ക് നീങ്ങുകയാണെന്ന് സിവിൽ വ്യോമയാന മന്ത്രി രാം മോഹൻ നായിഡു അറിയിച്ചു.

✪✪✪

ഗോവ നിശാ ക്ലബ്ബിലെ തീപിടുത്തത്തിൽ 25 പേർ മരിച്ച സംഭവത്തിൽ അർപോറ നൈറ്റ് ക്ലബ്ബിന്റെ ജനറൽ മാനേജരടക്കം നാലുപേരെ പൊലീസ് അറസ്റ്റ് ചെയ്തു. മറ്റ് മൂന്ന് പേർ ക്ലബ്ബിലെ ജീവനക്കാരാണ്. നൈറ്റ് ക്ലബ്ബിന് ലൈസനൻസ് അനുവദിച്ച പഞ്ചായത്ത് സർപഞ്ചിനെയും പൊലീസ് കസ്റ്റഡിയിലെടുത്തു. കുറ്റകാർക്കെതിരെ കടുത്ത നടപടിയെടുക്കുമെന്ന് മുഖ്യമന്ത്രി പ്രമോദ് സാവന്ത് അറിയിച്ചു. മരിച്ചവരുടെ ആശ്രിതർക്ക് അഞ്ച് ലക്ഷം രൂപ വിതവും പരിക്കേറ്റവർക്ക് 50,000 രൂപ വീതവും നൽകും.

✪✪✪

ഇന്നലെ വൈകിട്ട് വരെ രണ്ട് കോടി 70 ലക്ഷത്തിൽ പരം എന്യുമറേഷൻ ഫോമുകൾ ഡിജിറ്റൈസ് ചെയ്തതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ അറിയിച്ചു. വിതരണം ചെയ്ത ഫോമുകളുടെ 97.03 ശതമാനമാണിത്. കാസർകോഡ് ജില്ലയിൽ 100 ശതമാനം ഡിജിറ്റൈസേഷൻ പൂർത്തീയായതായും അദ്ദേഹം പറഞ്ഞു. ഈ നേട്ടം കൈവരിച്ച ജില്ലാ കളക്ടറെ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അഭിനന്ദിച്ചു.

വോട്ടർമാരെ കണ്ടെത്താൻ കഴിയാത്ത ഫോമുകളുടെ എണ്ണം 21.5 ലക്ഷത്തോളം ആയതായായും അറിയിപ്പിൽ പറയുന്നു. ഫോമുകൾ ഇനിയും മടക്കി നൽകാത്തവർ എത്രയും വേഗം അവ പൂരിപ്പിച്ച് BLO-മാരെ ഏല്പിക്കണമെന്ന് ഡോ. കേൽക്കർ അഭ്യർത്ഥിച്ചു.

തീവ്ര വോട്ടർപട്ടിക പുതുക്കൽ രണ്ടാം ഘട്ടത്തിൽ ദേശീയ തലത്തിൽ 50 കോടി 94ലക്ഷത്തിൽ പരം ഫോമുകൾ വിതരണം ചെയ്തിട്ടുണ്ടെന്ന് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. 51 കോടി വോട്ടർമാരാണ് ഈ ഘട്ടത്തിൽ ഉൾപ്പെടുന്നത്. 99.94 ശതമാനം വോട്ടർമാർക്കും ഫോറങ്ങൾ കൈമാറിയിട്ടുണ്ട്. 50 കോടിയിൽ പരം ഫോമുകൾ ഇതിനകം ഡിജിറ്റൈസ് ചെയ്തതായും കമ്മീഷൻ അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് തദ്ദേശ തെരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ടത്തിൽ വോട്ടെടുപ്പ് നടത്തുന്ന ഏഴ് ജില്ലകളിൽ ഇന്ന് നിശബ്ദ പ്രചാരണം. തിരുവനന്തപുരം മുതൽ എറണാകുളം വരെ ജില്ലകളിൽ നാളെ രാവിലെ ഏഴിന് വോട്ടെടുപ്പ് തുടങ്ങും. ഇവിടങ്ങളിലെ പരസ്യപ്രചാരണം ഇന്നലെ വൈകിട്ട് സമാപിച്ചു.

ഡെസ്ക് റിപ്പോർട്ട്...

........വോയ്സ്......

ആദ്യ ഘട്ടത്തിൽ ഒരു കോടി 32 ലക്ഷത്തി 83,789 വോട്ടർമാർക്കാണ് സമ്മതിദാനാവകാശം. ഇതിൽ 70 ലക്ഷത്തി 32,444 പേർ സ്ത്രീകളും 62 ലക്ഷത്തി 51,219 പേർ പുരുഷന്മാരുമാണ്. 126 ട്രാൻസ് ജെൻഡർ വോട്ടർമാരും 456 പ്രവാസി വോട്ടർമാരും പട്ടികയിലുണ്ട്. ഒരു ട്രാൻസ്ജെൻഡർ സ്ഥാനാർത്ഥി ഉൾപ്പെടെ 36,630 സ്ഥാനാർഥികളാണ് ആദ്യ ഘട്ടത്തിൽ മത്സര രംഗത്ത്.

രണ്ടാം ഘട്ട വോട്ടെടുപ്പിന്റെ പരസ്യപ്രചാരണം നാളെ വൈകിട്ട് അവസാനിക്കും. വ്യാഴാഴ്ചയാണ് തൃശൂർ മുതൽ കാസർകോട് വരെ ജില്ലകളിൽ രണ്ടാം ഘട്ടത്തിൽ വോട്ടെടുപ്പ്.

തദ്ദേശ തിരഞ്ഞെടുപ്പിൽ  പോളിംഗ് സ്റ്റേഷനുകളായും വിതരണ-സ്വീകരണ കേന്ദ്രങ്ങളായും  പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുൾപ്പെടെ ഇന്ന് അവധി നൽകി.  എന്നാൽ മുൻകൂട്ടി നിശ്ചയിച്ച പരീക്ഷകൾക്ക് അവധി ബാധകമാവില്ല. വോട്ടെണ്ണൽ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ഈ മാസം 13 നും അവധി ആയിരിക്കും. വോട്ടെടുപ്പ് ദിവസവും പൊതു അവധി നൽകിയിട്ടുണ്ട്.

✪✪✪

തദ്ദേശ തെരഞ്ഞെടുപ്പിന്റെ ആദ്യഘട്ടത്തിൽ ഏഴു ജില്ലകളിലും  ഒരുക്കങ്ങൾ പൂർത്തിയായി.

ആകാശവാണി ലേഖകൻ സ്മിതി M പള്ളുരുത്തി

.......വോയ്സ്......

എറണാകുളം മുതൽ തെക്കോട്ട് തിരുവനന്തപുരം വരെയുള്ള ഏഴു ജില്ലകളിൽ ഇന്നു നിശബ്ദ പ്രചാരണത്തിന്റെ നാളാണെങ്കിൽ തൃശൂർ മുതൽ വടക്കോട്ടുള്ള ഏഴു ജില്ലകളിൽ നാളെ പരസ്യ പ്രചാരണം അവസാനിക്കുന്നതിനു മുൻപുള്ള ഓട്ട പ്രദിക്ഷണത്തിലാണു സ്ഥാനാർത്ഥികൾ. ചൊവ്വാഴ്ച വോട്ടെടുപ്പു നടക്കുന്ന ജില്ലകളിലെ വോട്ടിങ് മിഷ്യൻ ഉൾപ്പെടെയുള്ള പോളിങ് സാമഗ്രികളുടെ വിതരണം ഇന്നു രാവിലെ ഒൻപതിനാണ് ആരംഭിക്കുക. ആദ്യ ഘട്ട വോട്ടെടുപ്പിനായി വിവിധ ജില്ലകളിലായി 117 വിതരണ കേന്ദ്രങ്ങളാണ് സജ്ജമാക്കിയിട്ടുള്ളത്. നാളെ രാവില ഏഴു മണി മുതൽ വൈകിട്ട് ആറു മണി വരെയാണ് വോട്ടെടുപ്പ്.

✪✪✪

തെരഞ്ഞെടുപ്പ് കൊട്ടിക്കലാശത്തിനിടെ ഇടുക്കിയിൽ മൂന്നിടത്തുണ്ടായ സംഘർഷത്തിൽ ഒമ്പത് പേർക്കെതിരെ കേസെടുത്തു. കാഞ്ചിയാർ പഞ്ചായത്ത്, കട്ടപ്പന നഗരസഭ, മുട്ടം പഞ്ചായത്ത് എന്നിവിടങ്ങളിലാണ് സംഘർഷം ഉണ്ടായത്.

തദ്ദേശ തെരഞ്ഞെടുപ്പിൽ മാതൃകാ പെരുമാറ്റ ചട്ടം ലംഘിച്ചെന്ന രണ്ട് പരാതികൾ തീർപ്പാക്കിയതായി ജില്ലാ കളക്ടർ ഡോ. ദിനേശൻ ചെറുവാട് അറിയിച്ചു.

✪✪✪

നടിയെ ആക്രമിച്ച കേസിൽ ഇന്ന് വിധി ഉണ്ടായേക്കും. എട്ടു വർഷത്തിലേറെ നീണ്ട കേസിലാണ് എറണാകുളം പ്രിൻസിപ്പൽ സെഷൻസ് ജഡ്ജി ഹണി.M.വർഗീസ് വിധി പറയുന്നത്. കേസിൽ രാവിലെ പതിനൊന്നിന്

നടപടികൾ തുടങ്ങും. കൃത്യത്തിൽ നേരിട്ട് പങ്കെടുത്ത ആറു പ്രതികളടക്കം പത്തുപേരാണ് വിചാരണ നേരിട്ടത്. കേസിൽ ഒന്നാം പ്രതി പൾസർ സുനിയും എട്ടാം പ്രതി ദിലീപുമാണ്. 261 സാക്ഷികളെ കേസിൽ വിസ്തരിച്ചു.

✪✪✪

താനൂർ തൂവൽതീരം ബീച്ചിൽ 22 പേരുടെ മരണത്തിനിടയാക്കിയ ബോട്ടുദുരന്തം അന്വേഷിക്കുന്ന ജസ്റ്റിസ് VK മോഹനൻ കമ്മിഷൻ ഒന്നാംഘട്ട റിപ്പോർട്ട് മുഖ്യമന്ത്രിക്കും ആഭ്യന്തര അഡീഷണൽ ചീഫ് സെക്രട്ടറിക്കും കൈമാറി.

2023 മേയ് ഏഴിനുണ്ടായ ബോട്ടപകടത്തിന്റെ കാരണങ്ങൾ കണ്ടെത്താനും ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ ഒഴിവാക്കാൻ നടപടികൾ ശുപാർശ ചെയ്യാനുമാണ് കമ്മിഷനെ നിയോഗിച്ചത്.

✪✪✪

ഇന്ത്യ-ദക്ഷിണാഫ്രിക്ക ട്വന്റി -20 ക്രിക്കറ്റ് പരമ്പര നാളെ തുടങ്ങും. ഒഡീഷയിലെ കട്ടക് ബരാബതി സ്റ്റേഡിയത്തിൽ രാത്രി ഏഴിനാണ് ആദ്യ മൽസരം. പരമ്പരയിൽ അഞ്ച് മൽസരങ്ങളുണ്ട്.

✪✪✪

FIH ഹോക്കി പുരുഷ ജൂനിയർ ലോകകപ്പ് സെമിഫൈനലിൽ ഇന്ത്യയെ ഒന്നിനെതിരെ അഞ്ച് ഗോളിന് ജർമ്മനി പരാജയപ്പെടുത്തി. ചെന്നൈയിലെ മേയർ രാധാകൃഷ്ണൻ ഹോക്കി സ്റ്റേഡിയത്തിലായിരുന്നു മൽസരം. വെങ്കല മെഡലിനായി ഇന്ത്യ മറ്റന്നാൾ അർജന്റീനയെ നേരിടും.

✪✪✪

ദക്ഷിണാഫ്രിക്കൻ പര്യടനം നടത്തുന്ന ഇന്ത്യൻ പുരുഷ ഹോക്കി ടീം കേപ് ടൗണിലെ സ്റ്റെല്ലൻബോഷിലെ ആദ്യ മത്സരത്തിൽ ദക്ഷിണാഫ്രിക്കയെ രണ്ടിനെതിരെ അഞ്ച് ഗോളിന് പരാജയപ്പെടുത്തി. രണ്ടാം മൽസരം ഇന്ത്യൻ സമയം രാത്രി 8:30ന് കേപ് ടൗണിലെ ഹാർട്ട്ലിവെയ്ൽ സ്റ്റേഡിയത്തിലാണ്. പരമ്പരയിൽ മൂന്ന് മത്സരങ്ങളുണ്ട്.

✪✪✪

ഏഴിമല ഇന്ത്യൻ നാവിക അക്കാദമി സംഘടിപ്പിക്കുന്ന അഡ്മിറൽ കപ്പ് പതിനാലാം പായ് വഞ്ചിയോട്ട മത്സരത്തിന് ഇന്ന് തുടക്കമാകും. അക്കാദമിയോട് ചേർന്ന എട്ടിക്കുളം കടലിലാണ് മത്സരം.

കണ്ണൂരിൽ നിന്ന് KO ശശിധരൻ..

.........വോയ്സ്....

ഇന്ത്യക്ക് പുറമെ റഷ്യ, ജപ്പാൻ, ജർമ്മനി, ഫ്രാൻസ്, യു.എ.ഇ. ഇന്തോനേഷ്യ , നമീബിയ , ബംഗ്ലാദേശ്, ശ്രീലങ്ക തുടങ്ങി 35 രാജ്യങ്ങളിലെ നാവിക സേനാംഗങ്ങൾ ആണ് ആറ് ദിവസം നീണ്ടു നിൽക്കുന്ന പായ് വഞ്ചിയോട്ട മത്സരത്തിൽ പങ്കെടുക്കുന്നത്. ഇന്ത്യയെ പ്രതിനിധീകരിച്ചുകൊണ്ട് ഏഴിമല ഇന്ത്യൻ നേവൽ അക്കാദമിയും നാഷണൽ ഡിഫൻസ് അക്കാദമിയും മത്സരിക്കും. വഞ്ചിയിൽ ഘടിപ്പിച്ച പായയെ കാറ്റിന്റെ ഗതിയെ അനുകൂലമാക്കി തിരമാലകളെ മുറിച്ചു നീക്കി ലക്ഷ്യത്തിലേക്ക് കുതിക്കുന്നതാണ് മത്സരം. വിവിധ രാജ്യങ്ങളിലെ നാവിക സേനകൾ തമ്മിലുള്ള സഹകരണവും സൗഹൃദവും ഊട്ടിയുറപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് പായ് വഞ്ചിയോട്ട മത്സരം നടത്തുന്നത്.വ്യത്യസ്ത സാംസ്കാരിക പരിപാടികളും ഇതിന്റെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

കേരള കളരിപ്പയറ്റ് അസോസിയേഷന്റെ സംസ്ഥാന ചാമ്പ്യൻഷിപ്പിൽ കണ്ണൂർ ജില്ല കിരീടം നേടി. പാലക്കാട് രണ്ടാം സ്ഥാനവും കോഴിക്കോട് മൂന്നാം സ്ഥാനവും സ്വന്തമാക്കി. ചുവട്, ഉറുമി പയറ്റ് തുടങ്ങി 13 ഇനങ്ങളിലായിരുന്നു മത്സരം.

✪✪✪

അടുത്ത വർഷം മുതൽ വയോമിത്രം പദ്ധതിയിലെ തുക ചുരുക്കിയെന്ന വാർത്തകൾ വ്യാജമാണെന്ന് മന്ത്രി ഡോ. R ബിന്ദു വ്യക്തമാക്കി. തെറ്റിദ്ധാരണ ജനിപ്പിക്കുന്ന തരത്തിൽ പുറപ്പെടുവിച്ച ഉത്തരവ് പിൻവലിക്കാൻ മന്ത്രി നിർദേശം നൽകി. വയോമിത്രം എക്സിക്യൂട്ടീവ് ഡയറക്ടർ ഏത് സാഹചര്യത്തിലാണ് ഇങ്ങനെ റിപ്പോർട്ട് പുറപ്പെടുവിച്ചതെന്ന് പരിശോധിക്കുമെന്നും മന്ത്രി വാർത്താ കുറിപ്പിൽ അറിയിച്ചു.

✪✪✪

കൊല്ലം കൊട്ടിയത്ത് തകർന്ന ദേശീയപാതയുടെ സർവീസ് റോഡിലൂടെ ഗതാഗതം സാധ്യമാക്കാൻ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇന്ന് ഗതാഗതം ആരംഭിക്കാനായേക്കും. കഴിഞ്ഞദിവസങ്ങളിൽ സന്ദർശിച്ച IIT സാങ്കേതിക വിദഗ്ധർ ദേശീയപാത അതോറിറ്റിക്ക് റിപ്പോർട്ട് നൽകിയിരുന്നു. അതോറിറ്റിയുടെ ഡൽഹിയിൽ നിന്നെത്തിയ വിദഗ്ധ സംഘവും സ്ഥലം സന്ദർശിക്കും.

✪✪✪

കൊച്ചി മേഖലാ റവന്യൂ ഇന്റലിജൻസ് ഈ സാമ്പത്തിക വർഷം കേരളത്തിൽ നിന്ന് 47 കോടി രൂപയിൽ പരം വിലമതിക്കുന്ന ലഹരി സാധനങ്ങളും സൈക്കോ ട്രോപിക് ഉത്പന്നങ്ങളും പിടികൂടി. ഇതുമായി ബന്ധപ്പെട്ട് പത്ത് പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. അടുത്ത ദിവസമാണ് ഏഴ് കിലോ ഹൈഡ്രോപോണിക് ലഹരിമരുന്ന് DRI പിടികൂടിയത്.

✪✪✪

കൊല്ലം ശാസ്താംകോട്ടയിൽ തെരുവ് നായയെ കൊന്ന സംഭവത്തിൽ സ്ഥാനാർത്ഥിക്കെതിരെ പൊലീസ് കേസെടുത്തു. കഴിഞ്ഞ ദിവസങ്ങളിൽ 6 പേരെ ആക്രമിച്ച നായയെ പിടികൂടാൻ ശ്രമിക്കുന്നതിനിടെയാണ് സംഭവമുണ്ടായത്.

✪✪✪

തിരുവനന്തപുരം കണ്ണമ്മൂല വാർഡിലെ ബൂത്തുകളിൽ ക്യാമറാ നിരീക്ഷണത്തിന് ജില്ലാ കളക്ടർ ഉത്തരവിട്ടു. ഇരട്ടിപ്പ് വോട്ടുകളുണ്ടെന്നും വ്യാജ വോട്ടുകൾക്ക് സാധ്യതയുണ്ടെന്നും തെരഞ്ഞെടുപ്പ് കമ്മിഷനു നൽകിയ പരാതിയെ തുടർന്നാണ് നടപടി

✪✪✪

*News Editor ശ്രുതി*
*News Reader: അനിൽ ചന്ദ്രൻ,*
*NRTs: - സയ്യിദ് അലി ശിഹാബ്*
*DEO : സി കെ സുബോധ്*